**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3529** **05-08-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം താലൂക്കിൽ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം താലൂക്കിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | മഞ്ചേശ്വരം താലൂക്കിൽ നിലവിൽ രണ്ട് സ്റ്റാമ്പ് വെണ്ടർമാർ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സ്റ്റാമ്പ് വെണ്ടർമാരെ തെരഞ്ഞെടുക്കുന്നത്/ നിയമിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണ് വെണ്ടർമാരെ നിയമിക്കുന്നത്. രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം കോർപ്പറേഷൻ പ്രദേശം രണ്ട് കിലോമീറ്റർ, മുൻസിപ്പാലിറ്റി പ്രദേശം നാല് കിലോമീറ്റർ പഞ്ചായത്ത് പ്രദേശം എട്ട് കിലോമീറ്റർ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ആധാരമെഴുത്ത് ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി 1-ന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി. -യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. സ്റ്റാമ്പ് വെണ്ടർമാർക്കു വിവിധ ഡിനോമിനേഷനിലുള്ള മുദ്രയും മുദ്രപത്രങ്ങളും വില്പന നടത്തുമ്പോൾ വെണ്ടർ കമ്മിഷൻ ലഭിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത താലൂക്കിലെ ഉപ്പള, കുമ്പള എന്നിവിടങ്ങളിൽ സ്റ്റാമ്പ് വെണ്ടർ ഇല്ലാത്തതിനാൽ മുദ്രപ്പത്രങ്ങൾ, റവന്യൂ/കോർട്ട്ഫീ സ്റ്റാമ്പുകൾ എന്നിവ ലഭിക്കുന്നതിനായി പൊതുജനങ്ങൾ 10 മുതൽ 30 കിലോമീറ്റർ വരെ സഞ്ചരിച്ച് പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മഞ്ചേശ്വരം താലൂക്കിൽ നിലവിൽ രണ്ട് വെണ്ടർമാർ പ്രവർത്തിക്കുന്നുണ്ട്. വെണ്ടർമാരുടെ കുറവ് കാരണം പ്രദേശത്തെ ജനങ്ങൾക്ക് സ്റ്റാമ്പ് പേപ്പറുകൾ ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇതിന് പരിഹാരമായി പ്രസ്തുത സ്ഥലങ്ങളിൽ ഈ വർഷം തന്നെ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കാൻ | (ഡി) | സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കാമോ? | | അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ